روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

കടം: നാം അറിയേണ്ടത്

11/11/2022

بسم الله الرحمن الرحيم

- ഒരാളുടെ വ്യക്തിത്വവും വിശ്വസ്തയും ബോധ്യപ്പെടുന്നതിൽ പ്രധാന കാര്യമാണ് സാമ്പത്തിക ഇടപാടുകളിലെ വിശുദ്ധി
- സാമ്പത്തിക രംഗത്ത് വലിയ ചൂഷണങ്ങളും തട്ടിപ്പുകളും നടക്കുന്ന കാലമാണിത്.
- ഇടപാടുകളിൽ ചതിക്കപ്പെടുന്നത് സാധാരണവാർത്തകളായി മാറിയിരിക്കുന്നു.
- ആവശ്യക്കാരനായി ബുദ്ധിമുട്ടുകളിൽ കടം ചോദിച്ച വരുന്നവന് പോലും എടുത്തുകൊടുക്കാൻ ആളുകൾ പേടിക്കുകയും ഉൾവലിയുകയും ചെയ്യുന്ന കാലമാണിത്.
- വിശ്വാസികളായ നമ്മൾക്ക് ഈ വിഷയത്തിലെ മതത്തിന്റെ അധ്യാപനങ്ങൾ കൃത്യമായി അറിഞ്ഞിരിക്കണം.
- കടം എന്ന വാക്കിനെ അത്രമേൽ ഗൗരവത്തോടെയാണ് ഇസ്‌ലാം കാണുന്നത്.
- വിശുദ്ധ ഖുർആനിലെ ഏറ്റവും ദൈർഘ്യം കൂടിയ സൂക്തം കടത്തെക്കുറിച്ചാണ്
- ഒരാളുടെ പ്രയാസത്തിൽ കടം നൽകുന്നത് പുണ്യമുള്ള കാര്യമായും അത് കൃത്യമായി വീട്ടൽ ഏറെ ഗൗരവത്തോടെയും കണിശതയോടെയുമാണ് ഇസ്ലാം കാണുന്നത്.

**കടമിടപാടുകളെ കുറിച്ച് പ്രവാചകൻ പറയുന്നത് നോക്കൂ**

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ ﷺ قال :مَن أخَذَ أمْوال النّاسِ يُرِيدُ أداءَها أدّى اللَّهُ عَنْهُ، ومَن أخَذَ يُرِيدُ إتْلافَها أتْلَفَهُ اللَّهُ. ( البخاري)

വീട്ടണം എന്ന ഉദ്ദേശത്തോടെയാണ് ഒരാൾ കടം വാങ്ങുന്നത് എങ്കിൽ അല്ലാഹ‌ു അത് വീട്ടി കൊടുക്കും നശിപ്പിക്കണമെന്ന് ഉദ്ദേശത്തോടെയാണെങ്കിൽ അള്ളാഹ‌ു അത് നശിപ്പിക്കും.

ഈ ഹദീസിനെ വ്യാഖ്യാനിച്ച പണ്ഡിതന്മാർ പറഞ്ഞത്: സദുദ്ദേശത്തോടെ വാങ്ങിയവന് അല്ലാഹ‌ു അതിൽ എളുപ്പവും ബർക്കത്തും നൽകും അല്ലാത്തവന്റെ സമ്പത്തിനെ അള്ളാഹ‌ു നശിപ്പിക്കുകയും അവന് അതു ഉപകാരപ്രദമല്ലാതായി തീരുകയും പരലോകത്ത് ശിക്ഷ ലഭിക്കുകയും ചെയ്യും (ഇബ്നു ഹജർ, ഇമാം അയ്നി )

**ശഹീദിന് പോലും വിട്ട് വീഴ്ച്ച യില്ല**

عَنْ مُحَمَّدِ بْنِ جَحْشٍ، قَالَ كُنَّا جُلُوسًا عِنْدَ رَسُولِ اللَّهِ صلى الله عليه وسلم فَرَفَعَ رَأْسَهُ إِلَى السَّمَاءِ ثُمَّ وَضَعَ رَاحَتَهُ عَلَى جَبْهَتِهِ ثُمَّ قَالَ سُبْحَانَ اللَّهِ مَاذَا نُزِّلَ مِنَ التَّشْدِيدِ . فَسَكَتْنَا وَفَزِعْنَا فَلَمَّا كَانَ مِنَ الْغَدِ

سَأَلْتُهُ يَا رَسُولَ اللَّهِ مَا هَذَا التَّشْدِيدُ الَّذِي نُزِّلَ فَقَالَ وَالَّذِي نَفْسِي بِيَدِهِ لَوْ أَنَّ رَجُلاً قُتِلَ فِي سَبِيلِ اللَّهِ ثُمَّ أُحْيِيَ ثُمَّ قُتِلَ ثُمَّ أُحْيِيَ ثُمَّ قُتِلَ وَعَلَيْهِ دَيْنٌ مَا دَخَلَ الْجَنَّةَ حَتَّى يُقْضَى عَنْهُ دَيْنُهُ

മുഹമ്മദ്ബ്നു ജഹ്ശ്(റ)വിൽ നിന്ന് നിവേദനം: ഞങ്ങൾ നബി ﷺ യുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് തന്റെ തല ആകാശത്തേക്ക് ഉയർത്തുകയും തന്റെ കൈ നെറ്റിയിൽ വെച്ച് ഇപ്രകാരം പറയുകയും ചെയ്തു: 'അല്ലാഹു എത്ര പരിശുദ്ധൻ, എത്ര ഗൗരവമുള്ള കാര്യമാണ് ഈ ഇറക്കപ്പെട്ടത്! (മുഹമ്മദ്ബ്നു ജഹ്ശ്(റ) പറയുന്നു:) 'ഞങ്ങൾ അപ്പോൾ അതിനെക്കുറിച്ച് ചോദിച്ചില്ല. പിറ്റേന്ന് ഞാൻ ചോദിച്ചു: 'പ്രവാചകരേ, എന്താണ് (താങ്കൾ പറഞ്ഞ) ആ കനത്ത താക്കീത്?' അപ്പോൾ തിരുനബി ﷺ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, ഏതെങ്കിലും ഒരാൾ അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെടുകയും വീണ്ടും ജീവിക്കുകയും വീണ്ടും കൊല്ലപ്പെടുകയും വീണ്ടും ജീവിക്കുകയും വീണ്ടും കൊല്ലപ്പെടുകയും പിന്നീട് അയാൾ കടമുള്ളവനായിരിക്കെ കൊല്ലപ്പെടുകയും ചെയ്താൽ അയാളിൽ നിന്ന് ആ കടം വീട്ടപ്പെടാതെ അയാൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (നസാഈ)

أَنَّ رَجُلاً جَاءَ إِلَى النَّبِيِّ صلى الله عليه وسلم فَقَالَ: يَا رَسُولَ اللَّهِ، أَرَأَيْتَ إِنْ قُتِلْتُ فِي سَبِيلِ اللَّهِ يُكَفِّرُ عَنِّي خَطَايَايَ؟ قَالَ: نَعَمْ، وَأَنْتَ صَابِرٌ مُحْتَسِبٌ مُقْبِلٌ غَيْرَ مُدْبِرٍ، إِلَّا الدَّيْنَ، فَإِنَّ جِبْرِيلَ قَالَ لِي ذَلِكَ.

തിരുസവിധത്തിൽ ഒരാൾ വന്നു ചോദിച്ചു: അല്ലയോ പ്രവാചകരെ അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ കൊല്ലപ്പെട്ടാൽ എന്റെ പാപങ്ങൾ പൊറുക്കപ്പെടുമോ? അവിടുന്ന് പറഞ്ഞു: യുദ്ധത്തിൽ നിന്ന് പിന്തിരിയാതെ ക്ഷമയോടെയും പ്രതിഫലേച്ഛയുടെയും ആണെങ്കിൽ പാപങ്ങൾ പൊറുക്കപ്പെടും. എന്നാൽ കടം ഉണ്ടാവാൻ പാടില്ല എന്ന് ജിബിരീൽ ഇപ്പോൾ എനിക്ക് വഹ്‌യ് നൽകി .

**കഴിവുണ്ടായിട്ടും കടം വീട്ടാതിരിക്കുന്നവരെ കുറിച്ച് പ്രവാചകൻ പറയുന്നത് നോക്കൂ**

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَطْلُ الْغَنِيِّ ظُلْمٌ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: കഴിവുള്ളവൻ കടം വീട്ടുവാൻ താമസിപ്പിക്കുന്നത് അക്രമമാണ്.(ബുഖാരി)

- കടം തിരിച്ച് കൊടുക്കേണ്ട അവധി എത്തികഴിഞ്ഞിട്ടും തിരിച്ച് കൊടുത്തില്ലെങ്കിൽ കടം നൽകിയവന് അത് തിരികെ ചോദിക്കാൻ അവകാശമുണ്ട്.
- ഒരു സത്യവിശ്വാസിയായ കടക്കാരനെ സംബന്ധിച്ചിടത്തോളം അവധി എത്തികഴിഞ്ഞിട്ടും കടം തന്ന ആൾ ചോദിച്ച് വരുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകരുത്.

- അവധി എത്തികഴിഞ്ഞിട്ടും കടം വീട്ടാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ കാലാവധി നീട്ടിലഭിക്കുവാൻ വേണ്ടി കടം തന്നയാളോട് അപേക്ഷിക്കുകയാണ് വേണ്ടത്. അല്ലാത്തപക്ഷം അവൻ കളവ് പറയാൻ നിർബന്ധിതനാകും.

**കടം ബാക്കി വെച്ച് മരണപ്പെട്ട സ്വഹാബത്തിയുടെ കാര്യം പോലും ഗൗരവത്തോടെയാണ് നബി (സ്വ) കണ്ടത്**

عن سعد بن الأطول: عن سَعْدِ بنِ الأَطْوَلِ أنّ أخاهُ ماتَ وترك ثلاثَ مِائَةِ دِرْهَمٍ وترك عِيالًا فَأرَدْتُ أنْ أُنْفِقَها على عِيالِه فقال النبيُّ ﷺ إنَّ أخاكَ مُحْتَبَسٌ بِدَيْنِه فاقْضِ عنهُ فقال يا رسولَ اللهِ قد أدَّيْتُ عنه إلّا دِينارَيْنِ ادَّعَتْهُما امرأةٌ وليسَ لها بَيِّنَةٌ قال فَأعطِها فإنّها مُحِقَّةٌ .(الألباني (ت ١٤٢٠)، إرواء الغليل ١٠٩/٦ صحيح  شرح رواية أخرى)

സഅദ്ദ ബ്നുൽ അത്'വലിൽ(റ) നിന്ന് നിവേദനം : അദ്ദേഹത്തിന്റെ സഹോദരൻ മുന്നൂറ് ദിർഹമും , തന്റെ കുടുംബത്തേയും ഉപേക്ഷിച്ച് കൊണ്ട് മരിച്ചുപോയി. സഊദ് പറയുന്നു. ആ മുന്നൂറ് ദിർഹം അദ്ദേഹത്തിന്റെ കുടുംബത്തിന് വേണ്ടി ചിലവഴിക്കാൻ ഞാൻ ഉദ്ദേശിച്ചു. അപ്പോൾ നബി ﷺ പറഞ്ഞു. നിന്റെ സഹോദരൻ അദ്ദേഹത്തിന്റെ കടം മുഖേനെ തടഞ്ഞ് വെക്കപ്പെട്ടിരിക്കുകയാകുന്നു. അതുകൊണ്ട് നീ കടം വീട്ടുക. അങ്ങനെ ഞാൻ കടം വീട്ടി. രണ്ട് ദീനാർ ഒഴിച്ച്. ഒരു സ്ത്രീ പറയുന്നു. എനിക്ക് രണ്ട് ദീനാർ തരാനുണ്ട്. പക്ഷേ അവൾക്ക് അതിനുള്ള തെളിവില്ല. അപ്പോൾ തിരുമേനി പറയുകയുണ്ടായി. നീ അവൾക്ക് അത് കൊടുക്കുക. അവൾ അതിന് അർഹയാകുന്നു.

**കടമിടപാടുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

പലപ്പോഴും നമുക്കിടയിൽ ആളുകൾ ഗൗരവത്തോടെ കാണാത്ത കാര്യമാണിത്

**1. എഴുതിവെക്കണം**

﴿يَا أَيُّهَا الَّذِينَ آمَنُوا إِذَا تَدَايَنْتُمْ بِدَيْنٍ إِلَى أَجَلٍ مُسَمًّى فَاكْتُبُوهُ ﴾ [البقرة: ٢٨٢]،

ഇനി അത് എത്ര നിസ്സാരമാണെങ്കിൽ പോലും ഖുർആൻ പറയുന്നത് നോക്കൂ

﴿وَلَا تَسْأَمُوا أَنْ تَكْتُبُوهُ صَغِيرًا أَوْ كَبِيرًا إِلَى أَجَلِهِ ﴾ [البقرة: ٢٨٢]

**2. സാക്ഷികൾ ഉണ്ടാവണം**

﴿وَاسْتَشْهِدُوا شَهِيدَيْنِ مِنْ رِجَالِكُمْ فَإِنْ لَمْ يَكُونَا رَجُلَيْنِ فَرَجُلٌ وَامْرَأَتَانِ مِمَّنْ تَرْضَوْنَ مِنَ الشُّهَدَاءِ أَنْ تَضِلَّ إِحْدَاهُمَا فَتُذَكِّرَ إِحْدَاهُمَا الْأُخْرَى ﴾ [البقرة: ٢٨٢].

**3. വസിയ്യത്ത് എഴുതി വെക്കണം**

- മരണം എപ്പോഴും നമ്മെ പിടികൂടാം അതുകൊണ്ട് നമ്മുടെ വസിയത്തുകൾ എഴുതി വെക്കണം

- ചിലപ്പോൾ പെട്ടെന്ന് വീട്ടാൻ കഴിയാത്ത സാഹചര്യമോ മറ്റോ ഉണ്ടായേക്കാം

عَنْ عَبْدِ اللَّهِ بْنِ عُمَرَ، أَنَّ رَسُولَ اللَّهِ ﷺ قالَ :ما حَقُّ امْرِئٍ مُسْلِمٍ، لَهُ شَيْءٌ يُوصى فِيهِ، يَبِيتُ لَيْلَتَيْنِ إلّا ووَصِيَّتُهُ عِنْدَهُ مَكْتُوبَةٌ «متفق عليه، هذا لفظ البخاري

**കടത്തിൽ നിന്ന് രക്ഷ ചോദിച്ചിട്ടുള്ള പ്രാർത്ഥന**

عَنْ عُرْوَةَ، أَنَّ عَائِشَةَ رضى الله عنها ـ أَخْبَرَتْهُ أَنَّ رَسُولَ اللَّهِ صلى الله عليه وسلم كَانَ يَدْعُو فِي الصَّلاَةِ وَيَقُولُ اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْمَأْثَمِ وَالْمَغْرَمِ . فَقَالَ لَهُ قَائِلٌ مَا أَكْثَرَ مَا تَسْتَعِيذُ يَا رَسُولَ اللَّهِ مِنَ الْمَغْرَمِ قَالَ إِنَّ الرَّجُلَ إِذَا غَرِمَ حَدَّثَ فَكَذَبَ وَوَعَدَ فَأَخْلَفَ .

ആഇശ (റ)യിൽ നിന്ന് നിവേദനം: നബി ﷺ നമസ്കാരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! പാപത്തെ തൊട്ടും കടത്തെ തൊട്ടും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഒരാൾ ചോദിച്ചു: പ്രവാചകരേ! താങ്കൾ കടത്തിൽ നിന്ന് രക്ഷ തേടുന്നതിനെ വർദ്ധിപ്പിക്കുന്നവല്ലൊ?! അപ്പോൾ നബി ﷺ പറഞ്ഞു: 'ഒരാൾ കടത്തിലകപ്പെട്ടാൽ അവൻ സംസാരിക്കുമ്പോൾ കളവ് പറയുകയും വാഗ്ദത്തം ചെയ്താൽ ലംഘിക്കുകയും ചെയ്യും (ബുഖാരി)

عَنْ أَنَسِ بْنِ مَالِكٍ، رضى الله عنه قَالَ كَثِيرًا مَا كُنْتُ أَسْمَعُ النَّبِيَّ صلى الله عليه وسلم يَدْعُو بِهَؤُلاَءِ الْكَلِمَاتِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ وَالْعَجْزِ وَالْكَسَلِ وَالْبُخْلِ وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ

നബി ﷺ ഇപ്രകാരം പ്രർഥിക്കാറുണ്ടായിരുന്നു:"അല്ലാഹുവേ, മനോവേദനയിൽനിന്നും ദുഃഖത്തിൽ നിന്നും അശക്തിയിൽ നിന്നും അലസതയിൽ നിന്നും ലുബ്ധതയിൽ നിന്നും കടം അധികരിക്കുന്നതിൽ നിന്നും മനുഷ്യരുടെ ബലപ്രയോഗത്തിൽനിന്നും തീർച്ചയായും ഞാൻ നിന്നോടു രക്ഷതേടുന്നു (തിർമിദി)

നബി ﷺ പറഞ്ഞു:' ആരെങ്കിലും അഹങ്കാരത്തിൽ നിന്നും വഞ്ചനയിൽ നിന്നും കടത്തിൽ നിന്നും ഒഴിവായിരിക്കെ മരണപ്പെട്ടാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചിരിക്കുന്നു. (തിർമുദി).

**കടം നൽകലും അവധി നീട്ടിക്കൊടുക്കലുമൊക്കെ പുണ്യമുള്ള കാര്യമാണ്.**

കടം വാങ്ങുന്നത് ഗൌരവമുള്ള കാര്യമാണെങ്കിലും കടം കൊടുക്കുക എന്നത് ഇസ്ലാമിൽ വളരെ പ്രതിഫലാർഹമായ ഒരു സൽകർമമാണ്.

(وَأَحْسِنُوا إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ) [البقرة: ١٩٥]

أَبُو هُرَيْرَةَ رَضِيَ اللَّهُ تَعَالَى عَنْهُ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَال: مَنْ نَفَّسَ عَنْ مُؤْمِنٍ كُرْبَةً مِنْ كُرَبِ الدُّنْيَا، نَفَّسَ اللَّهُ عَنْهُ كُرْبَةً مِنْ كُرَبِ يَوْمِ الْقِيَامَةِ، وَمَنْ يَسَّرَ عَلَى مُعْسِرٍ يَسَّرَ اللَّهُ عَلَيْهِ فِي الدُّنْيَا وَالأْخِرَةِ

നബി ﷺ പറഞ്ഞു: ആരെങ്കിലും ഒരു പ്രയാസപ്പെടുന്നവന് എളുപ്പമാക്കിക്കൊടുത്താൽ അല്ലാഹു അവന് ദുൻയാവിലും ആഖിറത്തിലും എളുപ്പം നൽകും. (മുസ്ലിം).
കടക്കാരന് കടം വീട്ടുവാൻ സാധിക്കാത്തവിധം ഞെരുക്കം ബാധിച്ചാൽ, അതിനുള്ള സൗകര്യം ഉണ്ടാകുന്നതുവരെ അവനെ ബുദ്ധിമുട്ടിക്കാതെ ഒഴിവുകൊടുക്കുന്നവന് അല്ലാഹു നല്ല പ്രതിഫലം നൽകുന്നതാണ്.

**ശ്രദ്ധിക്കുക.**

- അത്യാവശ്യത്തിനും നിർബന്ധ സാഹചര്യത്തിലും മാത്രം കടംവാങ്ങുക.
- അനാവശ്യങ്ങൾക്കും വിനോദങ്ങൾക്കും അലങ്കാരങ്ങൾക്കും ആഡംബരത്തിനും കടം വാങ്ങാതിരിക്കുക.

عَنْ أَبِي هُرَيْرَةَ، أَنَّ النَّبِيَّ صلى الله عليه وسلم قَالَ : مَنْ أَخَذَ أَمْوَالَ النَّاسِ يُرِيدُ إِتْلاَفَهَا أَتْلَفَهُ اللَّهُ

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ദുർവിനിയോഗത്തിന് ഏതൊരുവൻ കടം വാങ്ങുന്നുവോ അവനെ അല്ലാഹു നാശത്തിലേക്ക് ആനയിക്കും. (ഇബ്നുമാജ)

- തോന്നുമ്പോഴെല്ലാം കടം വാങ്ങി എപ്പോഴെങ്കിലും തിരിച്ചു കൊടുക്കാം എന്ന് ചിന്തിക്കുന്നത് അപകടം വിളിച്ചു വരുത്തും.
- കടം വാങ്ങിയിട്ട് തിരിച്ചു കൊടുക്കാൻ കഴിഞ്ഞിട്ടും അനാവശ്യമായി നീട്ടിവെക്കുകയോ തിരിച്ചു കൊടുക്കാതിരിക്കുകയോ ചെയ്യരുത്.

عَنْ أَبِي هُرَيْرَةَ ـ رضى الله عنه عَنِ النَّبِيِّ صلى الله عليه وسلم قَالَ : مَنْ أَخَذَ أَمْوَالَ النَّاسِ يُرِيدُ أَدَاءَهَا أَدَّى اللَّهُ عَنْهُ، وَمَنْ أَخَذَ يُرِيدُ إِتْلاَفَهَا أَتْلَفَهُ اللَّهُ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ അരുളി: കൊടുത്തു വീട്ടണ മെന്നുദ്ദേശിച്ചു കൊണ്ട് ജനങ്ങളോട് വല്ലവനും ധനം കടം വാങ്ങിയാൽ അവനു വേണ്ടി അല്ലാഹു അതു കൊടുത്തു വീട്ടും. അതിനെ തിരിച്ചു കൊടുക്കണമെന്ന ഉദ്ദേ ശമില്ലാതെ വല്ലവനും കടം വാങ്ങിയാൽ അല്ലാഹു അവനെ നശിപ്പിച്ചു കളയും. (ബുഖാരി)

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+൯൬൬൫൪൭൯൨൧൭൩൭) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.